**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.291 — 28.11.2018 ൽ മറുപടിക്ക്

## അരൂക്കുറ്റി സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി സി.എച്ച്.സി.യിൽ സി.എച്ച്.സി. പാറ്റേണിലുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.<br><br>തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ ബ്ലോക്ക് സി.എച്ച്.സി.യാണ് അരൂകുറ്റി സി.എച്ച്.സി. ബ്ലോക്ക് സി.എച്ച്.സി.കളെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 28 കിടക്കകൾ അനുവദിച്ചിട്ടുള്ള ടി പി.എച്ച്.സി.യിൽ 4 ഡോക്ടർമാർ, ഒരു ദന്തൽ സർജൻ എന്നിവ അടക്കം 35 ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. പാലിയേറ്റീവ്, എൻ.സി.ഡി. കെയർ പ്രോഗ്രാമിന്റെ ഭാഗമായ സി.എച്ച്.സി.കളിൽ എൻ.എച്ച്.എം. വഴി സ്റ്റാഫിനെ നിയമിച്ച് അധിക സേവനങ്ങൾ നൽകിയും വരുന്നുണ്ട്. |
| (ബി) | പ്രസ്തുത സി.എച്ച്.സി.യിൽ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) & (സി) | പ്രസ്തുത പ്രപ്പോസൽ ലഭ്യമായിട്ടില്ല |
| (സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏതു വകുപ്പിലാണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത സ്റ്റാഫ് പാറ്റേൺ അരൂകുറ്റി സി.എച്ച്.സി.യിൽ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ എന്നേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലാണ് ആദ്യ ഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. അതിനാൽ അരൂക്കുറ്റി സി.എച്ച്.സി. ടി പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ